ഇ.എസ്.ഐ. ആനുകൂല്യം നൽകുന്നതിനുള്ള നടപടി

63 (4223) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ. എസ്. ഐ., ആനുകൂല്യം തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് നിലവിലുള്ള മാനദണ്ഡം വെളിപ്പെടുത്തുമോ ;

(ബി) ഇ: എസ്. ഐ. തൊഴിലുടമകളുടെ വിഹിതവും തൊഴിലാളി വിഹിതവുമായി എന്തു തുക കുടിശ്ശിക പിരിഞ്ഞു കിട്ടാനുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ വിവിധ ക്ഷേമപദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ.. ആനുകൂല്യം ലഭിക്കുന്ന വിധത്തിൽ വ്യവസ്ഥകളിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനമനുസരിച്ച് ഇ.എസ്.ഐ. ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിലെ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന പത്തോ അതിലധികമോ തൊഴിലാളികൾ ഉള്ളസ്ഥാപനങ്ങളിലെയും വൈദ്യുതി സഹായത്താലല്ലാതെ പ്രവർത്തിക്കുന്ന ഇരുപതോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്ക് പ്രതിമാസവേതനം 6500 രൂപയിലധികമല്ലെങ്കിൽ ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുവാൻ അർഹതയുണ്ട് എന്നതാണ് നിലവിലുള്ള മാനദണ്ഡം.

(ബി) 31-3-2003-ലെ കണക്കനുസരിച്ച് ആകെ 2758.66 ലക്ഷം രൂപയുടെ ഇ.എസ്.ഐ. വിഹിതം കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുണ്ട്.

(സി & ഡി) ഇ.എസ്.ഐ. ആക്ട് പ്രകാരം അസംഘടിത മേഖലയിലെ തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധ്യമല്ല. എന്നാൽ അസംഘടിത മേഖലയിലെ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി ഒരു പുതിയ പദ്ധതി രൂപീകരിക്കുന്ന കാര്യം ഇ. എസ്. ഐ. കോർപ്പറേഷന്റെ പരിഗണനയിലാണ്. ഇതിന് ഒരു മുന്നോടി പദ്ധതി (pilot scheme) യായി തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ ഓട്ടോറിക്ഷാ തൊഴിലാളികളെ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ഈ കാര്യത്തിൽ സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളുടെ അഭിപ്രായം കൂടി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുകയും ആയത് ഇ.എസ്.ഐ. കോർപ്പറേഷനെ അറിയിക്കുന്നതുമാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത് ഇ.എസ്.ഐ. കോർപ്പറേഷനാണ്.

LIBRARY ARCHIVES Kerala Legislative Assembly